# പതിമൂന്നാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ : 2325

08.12.2015-ൽ മറുപടിക്ക്

## സഹകരണമേഖലയിൽ കാർഷിക സേവന കേന്ദ്രങ്ങൾ

**ചോദ്യം**

ശ്രീ.കെ.കെ.ജയചന്ദ്രൻ :

(എ) സഹകരണമേഖലയിൽ പുതിയ കാർഷിക സേവന കേന്ദ്രങ്ങൾ തുടങ്ങി കർഷകർക്ക് ആവശ്യമായ സേവനങ്ങൾ നൽകുമെന്ന ബഡ്ജറ്റ് പ്രഖ്യാപനം നടപ്പാക്കിയിട്ടുണ്ടോ; നിലവിലെ അവസ്ഥ വ്യക്തമാക്കുമോ; ഇതിനായി നീക്കിവച്ച തുകയിൽ എത്ര ചെലവഴിച്ചു ;

**മറുപടി**

ശ്രീ. സി.എൻ. ബാലകൃഷ്ണൻ
(സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി)

(എ) നടപ്പാക്കിയിട്ടുണ്ട്.

2012-13 സാമ്പത്തികവർഷത്തിൽ കേരളത്തിലെ 14 ജില്ലകളിലെ തെരഞ്ഞെടുത്ത 40 ബ്ലോക്കുകളിലായി 40 സഹകരണ സംഘങ്ങളുടെ ആഭിമുഖ്യത്തിലും 2013-14 വർഷത്തിൽ 20 ബ്ലോക്കുകളിലെ 20 സഹകരണ സംഘങ്ങളുടെ ആഭിമുഖ്യത്തിലും കർഷകസേവനകേന്ദ്രങ്ങൾ ആരംഭിച്ചിട്ടുണ്ട്.

കർഷകസേവന കേന്ദ്രങ്ങൾ വഴി കാർഷിക മേഖലയിൽ യന്ത്രവല്ക്കരണം നടപ്പിലാക്കിവരുന്നു. കർഷകർക്ക് അത്യുല്പാദനശേഷിയുള്ള വിത്ത്, മികച്ച നടീൽ വസ്തുക്കൾ, വളം, കീടനാശിനി എന്നിവ ലഭ്യമാക്കുന്നു. മികച്ച പരിശീലന പരിപാടികൾ സംഘടിപ്പിക്കുന്നതിലൂടെ ആധുനിക കാർഷിക രീതികളിൽ പ്രാവീണ്യം നേടുന്നതിനുള്ള കർമ്മ

പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. കാർഷിക വിളകളുടെ ഉത്പാദന സംഭരണ വിതരണ പ്രവർത്തനങ്ങൾക്ക് മികച്ച സംവിധാനങ്ങൾ ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കർഷകർക്ക് ആവശ്യമായ ആധുനിക കാർഷികോപകരണങ്ങളുടെ സേവനം ലഭ്യമാക്കുന്നുണ്ട്. തരിശുനിലകൃഷി, പച്ചക്കറി കൃഷി തുടങ്ങി വിവിധയിനം കാർഷിക പ്രവർത്തനങ്ങൾക്ക് പ്രോത്സാഹനവും സഹായവും നല്കിവരുന്നു. അത്യാധുനിക കൃഷിരീതികളായ പോളി ഹൗസ്/ഗ്രീൻഹൗസ് പോലെയുള്ള പദ്ധതികൾ സ്ഥാപിച്ചു നടപ്പിലാക്കിയിട്ടുണ്ട്. ഗുണമേന്മയുള്ള നഴ്സറികൾ സ്ഥാപിച്ചു തൈകളുടെ ലഭ്യത ഉറപ്പുവരുത്തുന്നു. സഹകരണ മേഖലയിൽ മണ്ണ് ഗവേഷണ കേന്ദ്രങ്ങൾ സ്ഥാപിക്കുക വഴി മെച്ചപ്പെട്ട സാങ്കേതിക സഹായം കർഷകർക്ക് ലഭ്യമാക്കുന്നതിന് നടപടി സ്വീകരിച്ചു വരുന്നു. കാർഷിക വിദഗ്ധന്റെ സേവനം ലഭ്യമാക്കുന്നതിനും, മണ്ണ് പരിശോധനാ ലബോറട്ടറികൾ സ്ഥാപിച്ച് ആയതിന്റെ സേവനം കർഷകർക്ക് ലഭ്യമാക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിച്ചു വരുന്നു.

| സാമ്പത്തിക വർഷം | അനുവദിച്ച തുക | ചെലവഴിച്ചത് |
|---|---|---|
| 2012-13 | 1000 ലക്ഷം | 1000 ലക്ഷം |
| 2013-14 | 1000 ലക്ഷം | 1000 ലക്ഷം |
| 2014-15 | 610 ലക്ഷം | 610 ലക്ഷം |
| 2015-16 | 500 ലക്ഷം | ഭരണാനുമതി ലഭിച്ചിട്ടുണ്ട്. |

(ബി) ഈ സർക്കാറിന്റെ കാലയളവിൽ കാർഷിക മേഖലയിൽ നൽകി വന്നിരുന്ന ലോണുകളടക്കം നിയമ നിർമ്മാണത്തിലൂടെ തകർക്കുകയാണ് ചെയ്യുതെന്നുള്ള ആക്ഷേപം പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ ഇത് സംബന്ധിച്ച നിലപാട് വ്യക്തമാക്കുമോ?

(ബി) ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

സെക്ഷൻ ഓഫീസർ